


ഒരു നീതിന്യായക്കൊലയോ?



സത്വന്ത് സിങ്ങിന്റേയും കേഹാർ സിങ്ങിന്റേയും വധശിക്ഷയെ സംബന്ധിച്ച് ഇന്ത്യ പ്രസിഡണ്ടിനുള്ള നിവേദനം

പഞ്ചാബ് മനുഷ്യാവകാശ സംഘടന

സത്‌വന്ത്‌സിങ്ങിനേയും കേഹാർസിങ്ങിനേയും തൂക്കിക്കൊല്ലുവാനുള്ള ഇന്ത്യൻ ഭരണകൂട നടപടിയേത്തുടർന്ന്‌ പഞ്ചാബിലാകമാനം ഉയർന്നുവന്ന ബഹുജന പ്രതിഷേധത്തിൻെറ ഫലമായി കോടതി മുറികൾക്കുള്ളിൽ വീണ്ടും നിയമയുദ്ധം ആവർത്തിക്കപ്പെടുകയാണ്‌.

കോടതിയും ഭരണകൂടവും നടത്തുന്ന പ്രഹസന നാടകങ്ങൾക്കുനേരെ, അതിൻെറ പൊള്ളത്തരങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട്‌.

ഇന്ദിരാഗാന്ധിയുടെ വധത്തിനു പിന്നിലുള്ള കാരണങ്ങൾ രാഷ്‌ട്രീയമായതുകൊണ്ട്‌ അതൊരു രാഷ്‌ട്രീയ വധക്കേസ്‌സാണെന്നും.

അതല്ലാതെ ഭരണകൂടം പ്രചരിപ്പിക്കുന്നതുപോലെ കേവലം വ്യക്‌തിവൈരാഗ്യമല്ല അതിൻെറ പിന്നിലുള്ളതെന്നും മനസ്‌സിലാക്കിയ ഇന്ത്യയിലെ ഇതര ദേശീയ സമൂഹങ്ങളും ഇന്ദിരാവധക്കേസ്‌സിനോടുള്ള ഭരണകൂട മനോഭാവത്തിനെതിരെ പ്രതികരിച്ചു തുടങ്ങിയിട്ടുണ്ട്‌.

കേരളത്തിൽ ഇതിനു തുടക്കമിട്ട C. R. C. C. P. I. (ML) കേരളഘടകം കേരള ദേശീയതയിലെ ജനങ്ങളോട് ഇന്ദിരാവധക്കേസിന്റെ പേരിലുള്ള രാഷ്ട്രീയക്കൊലയെ ചെറുക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ട് പ്രചരിപ്പിച്ച വിശദീകരണക്കുറിപ്പും പഞ്ചാബ് മനുഷ്യാവകാശ സംഘടനയുടെ ഇന്ത്യൻപ്രസിഡണ്ടിനുള്ള നിവേദനവും കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളിലേക്കെത്തിക്കുവാനും അതുവഴി ഭരണകൂടത്തിന്റെ അതി നിഷ്ഠൂരമായ ഈ നടപടിക്കെതിരെ ജനകീയമായ ഒരു ചെറുത്തു നിൽപ്പിന് ജനങ്ങളെ സജ്ജരാക്കുക എന്ന ദൗത്യ നിർവ്വഹണത്തിനായി ഈ ലഘുലേഖ ഞങ്ങൾ ഇവിടെ പ്രകാശിപ്പിക്കുന്നു.

ജനകീയ പ്രസിദ്ധീകരണ സംഘം

ഇന്ദിരാ വധക്കേസിന്റെ പേരിലുള്ള രാഷ്ട്രീയകൊലയെ ചെറുക്കുക

ഇന്ദിരാവധക്കേസിൽ സത്വന്ത്സിങ്ങിനേയും കേഹാർ സിങ്ങിനെയും തൂക്കിക്കൊല്ലാനുള്ള കീഴ്ക്കോടതി വിധി, സുപ്രീംകോടതിയും പ്രസിഡണ്ടും അംഗീകരിച്ചു നടപ്പാക്കാൻ തുടങ്ങിയ സമയത്താണു്, പഞ്ചാബിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെ ശക്തമായ പ്രതിഷേധത്തിന്റെ പശ്ചാത്തലത്തിൽ വീണ്ടുമൊരു നിയമയുദ്ധം ആരംഭിച്ചിരിക്കുന്നതു്. അഖിലേന്ത്യാ ഭരണവർഗ്ഗങ്ങൾ, പ്രത്യേകിച്ചു് ഇപ്പോഴത്തെ ഭരണക്ലിക്കു്, ഹിന്ദു വർഗ്ഗീയ വാദത്തെ കെട്ടഴിച്ചുവിട്ടുകൊണ്ടു് ഇന്ത്യയുടെ അഖണ്ഡത സംരക്ഷിക്കാനുള്ള ഉപാധിയായി ഈ കേസ്സിനെ ഉപയോഗപ്പെടുത്താൻ ശ്രമിക്കുകയാണു്.

ജനാധിപത്യ ജാടയുടേയും നിയമവാഴ്ചയുടേയും പൊയ്മുഖങ്ങൾപോലും വലിച്ചെറിഞ്ഞുകൊണ്ടും കേസ്സിന്റെ രാഷ്ട്രീയ സ്വഭാവം പൂർണ്ണമായി മൂടിവച്ചുകൊണ്ടും, സിക്ക്—ഹിന്ദുസംഘട്ടനത്തിന്റെ ഫലമായി ഹിന്ദുവായ പ്രധാനമന്ത്രി കൊല്ലപ്പെട്ടു എന്ന രീതിയിൽ കാര്യങ്ങൾ അവതരിപ്പിക്കുന്നതു് അടുത്ത തിരഞ്ഞെടുപ്പിൽ ഹിന്ദുവോട്ടുകൾ നേടുക എന്ന ലക്ഷ്യം വച്ചുകൊണ്ടാണു്. ഭരണക്ലിക്കു് ഒക്ടോബർ-31നു് ഡൽഹിയിൽ നടത്തിയ റാലിയും തുടർന്നു് കോടതി സംവിധാനത്തിലൂടെ ധൃതിപിടിച്ചു് ഈ കൊല നടത്താനുള്ള ശ്രമവും അതേ ലക്ഷ്യം വച്ചുകൊണ്ടാണെന്നും വ്യക്തമായിക്കഴിഞ്ഞിരിക്കുന്നു.

പക്ഷെ, ഭരണ ക്ലിക്കിന്റെ ഈ ഗൂഢാലോചന പഞ്ചാബിൽ പൂർണ്ണമായും തുറന്നുകാട്ടപ്പെട്ടിരിക്കുന്നു. C R C, C P I (ML ന്റെ പഞ്ചാബു് സംസ്ഥാന ഘടകം പുറപ്പെടുവിച്ചു് വ്യാപകമായി പ്രചരിപ്പിച്ച പ്രസ്താവനയിൽ, ഇന്ദിര വധിക്കപ്പെട്ടതിന്റെ രാഷ്ട്രീയം വിശദമാക്കി. തുടർന്ന് മുൻ പഞ്ചാബ്—ഹരിയാനാ ഹൈക്കോടതി ജഡ്ജി ജസ്ററീസ് ബേൻസ് ചെയർമാനായുള്ള പഞ്ചാബു് മനുഷ്യാവകാശ സമിതിയും ഈ രാഷ്ട്രീയവധം പുറത്തുകൊണ്ടുവന്നു് പ്രചരണം നടത്തുകയുണ്ടായി. ഇന്ദിരാവധത്തിന്റെ പിന്നിൽ ഉണ്ടായിരുന്നതു് വർഗ്ഗീയ വികാരമല്ല; ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ കേന്ദ്രഭരണകൂടം സുവർണ്ണക്ഷേത്രത്തിലും പഞ്ചാബിലാകെയും നടത്തിയ നിഷ്ഠൂരമായ ആക്രമണങ്ങളും കൂട്ടക്കൊലകളും കണ്ട് അടങ്ങിയിരിക്കാൻ കഴിയാതെ, അതിനെല്ലാം രാഷ്ട്രീയമായ ഉത്തരവാദി

യായ ഇന്ദിരാഗാന്ധിക്കെതിരെ ആ രോഷം തിരിച്ചുവിട്ട ബിയാന്ത്സിങ്ങും സത്വന്ത്സിങ്ങും ചെയ്തതു് തികച്ചും ഒരു രാഷ്ട്രീയ പ്രതിഷേധമായിരുന്നു. ഏതെങ്കിലും വ്യക്തി താൽപര്യമല്ല അതിന്റെ പിന്നിൽ പ്രവർത്തിച്ചതു്, മറിച്ചു് സാമൂഹ്യലക്ഷ്യമായിരുന്നു. ജനകീയമായ ചെറുത്തുനില്പു സമരങ്ങളിലൂടെയും പ്രത്യാക്രമണങ്ങളിലൂടെയും രാഷ്ട്രീയ വ്യവസ്ഥയെ തന്നെ തകിടം മറിക്കാതെ ഒററപ്പെട്ട ആക്രമണങ്ങൾകൊണ്ടു് ഫാസിസ്ററു് ഭീകരതയെ അവസാനിപ്പിക്കാൻ കഴിയില്ലെന്നതു് കമ്മ്യൂണിസ്ററുകാരുടെ അടിസ്ഥാന നിലപാടാണ്. അതുകൊണ്ടുതന്നെ ഇത്തരം നടപടിയെ തികച്ചും ശാസ്ത്രീയമായ ഒന്നായി ഉയർത്തിപ്പിടിക്കാനും കമ്മ്യൂണിസ്ററുകാർക്കു് കഴിയില്ല—എങ്കിലും ജനങ്ങൾക്കുമേലുള്ള എല്ലാത്തരം അടിച്ചമർത്തലുകൾക്കുമെതിരായ ചെറുത്തുനിൽപ്പുകൾ ആവശ്യമാണെന്നും ന്യായമാണെന്നും വിശ്വസിക്കുന്ന പുരോഗമന വാദികൾക്കു് ഇത്തരമൊരു നടപടിയെ കുററകൃത്യമായി കാണാൻ ഒരിക്കലും സാധ്യമല്ല. ജാലിയൻ വാലാബാഗ് കൂട്ടക്കൊലക്കു് ഉത്തരവാദിയായ ജനറൽ ഡയറിനെ വധിച്ച ഉദംസിംഗിനെ സിക്കുകാർ മാത്രമല്ല ഇന്ത്യയിൽ മുഴുവൻ ജനങ്ങളും ധീരനായ സ്വാതന്ത്ര്യപോരാളിയായി കണ്ടതു് ഇതേ വികാരത്തോടെ ആയിരുന്നു.

ഖാലിസ്ഥാനികളുമായോ മറേറതെങ്കിലും രാഷ്ട്രീയ സംഘടനകളുമായോ ഒരു ബന്ധവുമില്ലാത്തവരായിരുന്നു ബിയാന്ത്സിങ്ങും സത്വന്ത്സിങ്ങുമെന്നു് തെളിഞ്ഞു കഴിഞ്ഞിട്ടുണ്ടു്. അവരുടെ നടപടി ശുദ്ധമായ രാഷ്ട്രീയ പ്രതിഷേധമായിരുന്നു. ഈ പ്രതിഷേധത്തോടു് പൂർണ്ണമായോ ഭാഗികമായോ യോജിക്കുന്ന പഞ്ചാബിലെ ഭൂരിപക്ഷം വരുന്ന ജനങ്ങൾക്കു് അതിന്റെ പേരിൽ അഖിലേന്ത്യാ ഭരണക്ലിക്ക് നടത്തുന്ന രാഷ്ട്രീയ കൊലയെ ചെറുക്കാൻ അവകാശമുണ്ടെന്ന C R C സംസ്ഥാന ഘടകത്തിന്റെ നിലപാടു് ഏറെക്കുറെ എല്ലാ പഞ്ചാബി ദേശീയ, ജനാധിപത്യ, പുരോഗമന സംഘടനകളും അംഗീകരിച്ചിരിക്കുകയാണു്. മാത്രമല്ല കോടതി നാടകങ്ങൾക്കെല്ലാം ശേഷം ഈ രാഷ്ട്രീയക്കൊല നടത്തുന്നതിൽ ഭരണക്ലിക്ക് വിജയിക്കുകയാണെങ്കിൽ ആരുംതന്നെ അതിനോടു് വർഗ്ഗീയമായി, അതായത് ഏതെങ്കിലും മതവിഭാഗങ്ങൾക്കെതിരെ രോഷം തിരിച്ചുവിടുന്ന വിധത്തിൽ, പ്രതികരിക്കരുതെന്നും രാഷ്ട്രീയപ്രതിഷേധമെന്നനിലക്ക് മൂന്നു ദിവസമെങ്കിലും പ്രതിഷേധദിനങ്ങളായി ആചരിക്കണമെന്നും ഉള്ള C R C സംസ്ഥാന ഘടകത്തിന്റെ ആഹ്വാനം പഞ്ചാബിൽ വ്യാപകമായി അംഗീകരിക്കപ്പെട്ടുകഴിഞ്ഞിരിക്കുകയാണു്. പോലീസ് മേധാവി റിബേറോയുടെ കാലത്തു് നടന്നി

രുന്ന ഏററുമുട്ടൽ കൊലപാതകങ്ങരം വെറും സർക്കാർ ഭീകര പ്രവർത്തനം ആയിരുന്നെന്നു് തെളിയിച്ചു് ജനകീയ പ്രതിഷേധം സംഘടിപ്പിക്കുന്നതിലേക്കും സമീപകാലത്തു നടന്ന ഒട്ടനവധി നിരപരാധികളുടെ കൊലകരംക്കു പിന്നിൽ ഖാലിസ്ഥാനികളല്ല, മറിച്ചു് സർക്കാർ ഏജൻസികളാണുണ്ടായിരുന്നതു് എന്നു തെളിയിക്കുന്നതിലും പ്രമുഖ പങ്കുവഹിച്ച C R C സംസ്ഥാന ഘടകത്തിൻെറ ഈ ആഹ്വാനത്തിന് വ്യാപകമായ പിന്തുണ ലഭിച്ചതു് യാദൃശ്ചികമല്ല.

സത്വന്ത്സിങ്ങിൻെറതിൽനിന്നു വ്യത്യസ്തമായി, കേഹാർസിങ്ങിൻെറമേലുള്ള വധശിക്ഷ ഇവിടത്തെ കപട നിയമവ്യവസ്ഥക്കുപോലും ഒരു വിധത്തിലും നീരക്കാത്തതാണു്. കാരണം ഇന്ദിരാ വധക്കേസുമായി കേഹാർസിങ്ങിനെ ബന്ധിപ്പിക്കാനുള്ള തെളിവിൻെറ ഒരു കണികപോലും അവതരിപ്പിക്കാതെയാണു് സുപ്രീംകോടതിയും പ്രസിഡണ്ടും അതംഗീകരിച്ചതു്. ഇവിടത്തെ നിയമവ്യവസ്ഥയെ അംഗീകരിക്കുന്നവരുടെ പോലും വ്യാപകമായ പ്രതിഷേധം തന്നെയും ഈ വസ്തുതമൂലം വളർന്നുവന്നിരിക്കുകയാണു്. പല പൗരാവകാശ, ജനാധിപത്യ സംഘടനകളും ഈ കാടൻ നടപടിക്കെതിരെ രംഗത്തു വന്നുകഴിഞ്ഞിട്ടുള്ള സാഹചര്യത്തിൽ, കേരളത്തിലെ മുഴുവൻ പുരോഗമന ശക്തികളും ഇതിൽ സജീവമായി പങ്കുചേരേണ്ടതുണ്ടു്. കോടതി സംവിധാനത്തിൻെറ മറപിടിച്ചു് നടത്തപ്പെടുന്ന ഈ രാഷ്ട്രീയ കൊലയെ തടയാനും അതു നടപ്പാക്കുകയാണെങ്കിൽ രാഷ്ട്രീയമായി അതിൽ പ്രതിഷേധിക്കാനും കേരളത്തിലെ മുഴുവൻ ജനാധിപത്യ, പുരോഗമന ശക്തികളും മുന്നോട്ടു വരണമെന്നു് ഞങ്ങരം അഭ്യർത്ഥിക്കുന്നു.

സെക്രട്ടറി

കേരള സംസ്ഥാനക്കമ്മററി

സി ആർ സി, സി. പി. ഐ. (എം. എൽ.)

പഞ്ചാബ് മനുഷ്യാവകാശ സംഘടന

സത്‌വന്ത്‌സിങ്ങിന്റെയും കേഹാർസിങ്ങിന്റെയും
വധശിക്ഷയെ സംബന്ധിച്ച്
ഇന്ത്യൻ പ്രസിഡന്റിനുള്ള നിവേദനം.
ഒരു നീതിന്യായക്കൊലയോ?

ബഹുമാനപ്പെട്ട ഇന്ത്യൻ പ്രസിഡണ്ട്,

നിയമപ്രക്രിയ അവസാനിക്കുന്നിടത്ത് താങ്കളുടെ ന്യായാധികാരം ആരംഭിക്കുന്നു. തൂക്കുമരത്തിലേയ്ക്കുള്ള ഒരുവന്റെ പ്രയാണത്തിൽ താങ്കളുടേതാണ് അവസാനത്തെ ആശ്രയം. യഥാർത്ഥത്തിൽ നിയമപരമായ സമ്മർദ്ദങ്ങളോ രാഷ്ട്രീയമായ മുൻവിധികളോ നിമിത്തം നിയമപരമായ വിധിപ്രഖ്യാപനങ്ങളിൽ കടന്നുകൂടാനിടയുള്ള തെററുകളുടെ കാഠിന്യം ലഘൂകരിയ്ക്കുവാനുള്ള ഭരണഘടനാപരമായ അധികാരം താങ്കളിൽ നിക്ഷിപ്തമാണ്.

പല പ്രമുഖ അഭിഭാഷകരും ആവർത്തിച്ചു ചൂണ്ടിക്കാണിച്ചു കഴിഞ്ഞിട്ടുള്ളതുപോലെ 'ഇന്ദിരാ വധക്കേസ്സിൽ' തെററായതും ബോധപൂർവ്വം അവഗണിക്കപ്പെട്ടതുമായ തെളിവുകളെ അടിസ്ഥാനമാക്കി സത്‌വന്ത്‌സിങ്ങിനും കേഹാർസിങ്ങിനും വധശിക്ഷ നൽകിയതിൽ സുപ്രീംകോടതി, കീഴ്ക്കോടതികൾക്കുപരിയായി, വെറും കേവല നിയമജ്ഞ വീക്ഷണമാണ് സ്വീകരിച്ചിട്ടുള്ളത്. സാധാരണ കുററകൃത്യ വാസനകളും ഉദ്ദേശ്യങ്ങളുമുള്ള ഒരു കുററവാളിയായിട്ടാണ് സത്‌വന്ത്‌സിങ്ങും കേഹാർസിങ്ങും പരിഗണിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ അവർ സാധാരണ കുററവാളികളല്ലെന്നും അവരുടെ മേൽ ചുമത്തിയിട്ടുള്ള കുററം, രാഷ്ട്രീയ ഉദ്ദേശങ്ങളടങ്ങുന്ന രാഷ്ട്രീയ കുററമാണെന്നും വളരെ വ്യക്തമായി കഴിഞ്ഞതാണ്. തികച്ചും സത്യസന്ധരും ആത്മാർത്ഥതയുള്ളവരും കൂറുള്ളവരുമായ ഇവർ നടത്തിയ ഈ പ്രവർത്തിക്ക് അവരെ പ്രേരിപ്പിച്ച സാഹചര്യത്തെ ശ്രദ്ധാപൂർവ്വം പഠിച്ചതിനു ശേഷം ഇതിനെ രാഷ്ട്രീയ കുററമായി പരിഗണിക്കാനും മനുഷ്യത്വത്തോടും അനുഭാവത്തോടും കൂടി സമീപിക്കാനും താങ്കളോട് ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്.

ശരിയായാലും തെററായാലും 'ഇന്ദിരാവധ' കുററം ചുമത്തിയിട്ടുള്ള സത്‌വന്ത്‌സിങ്ങും ബിയാന്ത്‌സിങ്ങും മററുള്ളവരും അങ്ങനെ ചെയ്തത്, ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള ഇന്ത്യൻ ഭരണകൂടം സംഘടിപ്പിച്ച ഏററവും ക്രൂരവും നിഷ്ഠൂര

വുമായ അക്രമ പരമ്പരയ്ക്ക് അറുതിവരുത്താൻ വേണ്ടിയാക്കെന്ന് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള പതിനെട്ട് ദശലക്ഷം സിക്കുകാരും മററു പരിഷ്കൃത രാജ്യങ്ങളിലെ ലക്ഷക്കണിണന് പ്രമുഖ വ്യക്തികളും ദൃഢമായി വിശ്വസിക്കുന്നുണ്ട്. നിങ്ങളുടെ മുൻഗാമിയായിരുന്ന അന്നത്തെ പ്രസിഡൻറ് ഗ്യാനി സെയിൽസിങ്ങിൻെറ അറിവുപോലുമില്ലാതെയാണ് സുവർണ്ണ ക്ഷേത്രം ആക്രമിക്കുവാനും ആയിരക്കണക്കിന് നിരപരാധികളെ കൊന്നൊടുക്കാനും പട്ടാളത്തെ അവർ കയറൂരി വിട്ടത്. ബിയാന്ത്സിങ്ങിനോ, സത്വന്ത്സിങ്ങിനോ, ഗൂഢാലോചനക്കാരനെന്ന് ആരോപിക്കപ്പെട്ടിട്ടുള്ള കേഹാർസിങ്ങിനോ ശ്രീമതി ഇന്ദിരാഗാന്ധിയ്ക്കെതിരായി വ്യക്തിപരമായ ലക്ഷ്യങ്ങളോ കുററകരമായ ഉദ്ദേശ്യങ്ങളോ അല്പം പോലും അന്നുണ്ടായിരുന്നില്ല. നിരന്തരമായ മർദ്ദനത്തിൽ നിന്നും അടിച്ചമർത്തലിൽ നിന്നും ആരാധനാലയങ്ങൾക്കെതിരായ ആക്രമണത്തിൽ നിന്നും സിക്കു ജനതയേയും അവരുടെ പരിപാവന സ്ഥാപനങ്ങളേയും രക്ഷിക്കാൻ വേണ്ടിയാണ് മുഖ്യമായും അവർ ശ്രീമതി ഇന്ദിരാഗാന്ധിയെ ആക്രമിച്ചത്.

നിരപരാധികളായ സ്ത്രീപുരുഷൻമാരെ വധിയ്ക്കുന്നതിന് ദൃഢമായും കർക്കശമായും എതിരാണ് സിക്കുമതം. സിക്കുമതം അതിൻെറ ചരിത്രത്തിൽ ഒരിക്കൽപ്പോലും, മതകാര്യത്തിലോ, രാഷ്ട്രീയ കാര്യത്തിലോ, അഹിംസാ നിലപാട് സ്വീകരിച്ചുകൊണ്ട്, ക്രൂരമായ ഭരണാധികാരികളെ, തങ്ങളുടെ ദേവാലയങ്ങളേയും ജനതയേയും വിവേചനരഹിതമായി ആക്രമിക്കാനും നശിപ്പിയ്ക്കുവാനും സൈന്യത്തെ കെട്ടഴിച്ചു വിടാൻ അനുവദിച്ചിട്ടില്ല.

ഇത്തരം ഭരണാധികാരികളുമായി അവർക്കുണ്ടായിരന്ന ബന്ധങ്ങൾ എന്തായിരുന്നാലും, തങ്ങളുടെ പാവനമായ ക്ഷേത്രങ്ങളും നിരപരാധികളായ സ്ത്രീപുരുഷൻമാരും, 1984_ൽ സിക്കുകാർക്കു നേരെ അഴിച്ചുവിടപ്പെട്ടതു പോലത്തെ മർദ്ദനത്തിനും അടിച്ചമർത്തലിനും വിധേയമാക്കപ്പെടുമ്പോൾ, അവർ തികച്ചും രോഷത്തോടും വെറുപ്പോടും കൂടി, വ്യക്തികൾക്കെന്ന നിലയ്ക്കോ, ഗ്രൂപ്പുകളായോ, കൂട്ടമായോ പ്രതികരിച്ചിട്ടുണ്ട്. അമൃത്സറിലെ ജില്ലാമജിസ്ട്രേററുൾപ്പെടെ, ബി. ഡി. പാണ്ഡെയുടേയും പഞ്ചാബിലെ സിവിൽ പോലീസ് മേധാവികളുടേയും ചുമതലയോടെ. ഏററവും ക്രൂരമായ രീതിയിൽ കെട്ടഴിച്ചുവിടപ്പെട്ട ഇന്ദിരാഗാന്ധിയുടെ സൈനീക നടപടിയുടെ ഫലമായി 6000_ത്തിലധികം നിരപരാധികളായ തീർത്ഥാടകർ കൊല്ലപ്പെടുകയുണ്ടായി. അവരിൽ നല്ലൊരുഭാഗം സ്ത്രീകളും കുട്ടികളുമായിരുന്നു. ഗുരു അർജുൻദേവിൻെറ രക്തസാക്ഷി

ദിനമാണ് അവരതിനുവേണ്ടി തിരഞ്ഞെടുത്തത്. ഏതാണ്ട് മററ് അമ്പത് ചരിത്രപ്രധാനമായ ദേവാലയങ്ങൾ ആക്രമിക്കപ്പെട്ടു. പാട്യാലയിലും ഗുരുദ്വാര ദംദാമസാഹിബിലും മററു ചരിത്ര പ്രധാനമായ ദേവാലയങ്ങളിലും ആയിരക്കണക്കിന് തീർത്ഥാടകർ കൊല്ലപ്പെടുകയുണ്ടായി. ഒരിക്കലും രാഷ്ട്രീയത്തിൽ ഇടപെടാത്ത, രാവും പകലും പ്രാർത്ഥനയിൽ മാത്രം ചിലവഴിക്കുന്ന ചില ഋഷി തുല്യരായവരുടെ ആശ്രമങ്ങൾ പൂർണ്ണമായി തുടച്ചു നീക്കപ്പെടുകയും അവയ്ക്കുള്ളിലെ സന്യാസിവര്യരായ അന്തേവാസികൾ, അവസാനത്തെ ആൾവരെ കൊല്ലപ്പെടുകയുമുണ്ടായി. സത്യവും വസ്തുതകളും പ്രകടിപ്പിക്കുന്നതിനെ തടയുന്ന കരിനിയമങ്ങളും മർദ്ദന നടപടികളും നിമിത്തം, ഈ ഭീകരമായ അടിച്ചമർത്തലിൻെറ കഥ ഇപ്പോഴും പറയപ്പെടാതെ കിടക്കുകയാണ്.

ഇത്തരം അടിച്ചമർത്തൽ പരമ്പരയുടെ പശ്ചാത്തലത്തിൽ ഇന്ദിരാഗാന്ധിക്കും അവരുടെ സഹകാരികൾക്കുമെതിരായ ആക്രമണം, മുഴുവൻ സിക്കുസമൂഹത്തിൻേറയും രാഷ്ട്രീയ നീരസത്തിൻേറയും ചെറുത്തുനിൽപ്പിൻേറയും പ്രത്യാക്രമണത്തിൻേറയും പ്രകടിത രൂപമായിരുന്നു.

രണ്ടു് ആന്ധ്രാ കർഷകരുടെ കേസിലെ വിധിന്യായത്തിൽ സുപ്രിംകോടതി സാധാരണ കൊലപാതകത്തിൽനിന്നു് തികച്ചും വ്യത്യസ്തമായ രാഷ്ട്രീയ അക്രമം എന്നു് ഒരു വിഭാഗത്തെ കൃത്യമായി അംഗീകരിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ബഞ്ച് ഇങ്ങിനെ ചൂണ്ടിക്കാണിച്ചു. ''പീനൽ കോഡ് ഇത്തരമൊരു വേർതിരിവു് നടത്തുന്നില്ല. അടിയന്തിരമായി ആവശ്യമായ പരിഷ്ക്കാരങ്ങളെ സംബന്ധിച്ച ഞങ്ങളുടെ വീക്ഷണങ്ങൾ എന്തായിരുന്നാലും, നിയമം തിരുത്തിയെഴുതാൻ ഞങ്ങൾക്കാവില്ല'' കോടതിയ്ക്കു് എത്രതന്നെ അനുഭാവമുണ്ടായിരുന്നാലും, പ്രസിഡണ്ടിൻെറ തീരുമാനത്തിനുവേണ്ടി ഭരണഘടന നീക്കിവെച്ചിട്ടുള്ള ഒരു മേഖലയാണിതു്. അതുകൊണ്ടു് രാഷ്ട്രീയ അക്രമങ്ങളെ സാധാരണ കുററകൃത്യങ്ങളിൽനിന്നു് വേർതിരിച്ചു് കാണിക്കേണ്ടതുണ്ടു്.

മാത്രമല്ല ശ്രീമതി ഇന്ദിരാഗാന്ധി ഉൾപ്പെടെയുള്ള ഇന്ത്യൻ നേതാക്കൻമാർ പലപ്പോഴും മററു രാജ്യങ്ങളിൽ ഇത്തരം രാഷ്ട്രീയ കുററവാളികൾക്കെതിരായ വധശിക്ഷയ്ക്കെതിരെ ശബ്ദമുയർത്തുകയും തൂക്കുമരത്തിൽനിന്നു് അവരെ രക്ഷിക്കാനായി പരമാവധി ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. ബാസ്ക്ക് ദേശീയവാദികളേയും മാർക്സിസ്ററുകളേയും തൂക്കിലേററാതിരിക്കാൻവേണ്ടി സ്പെയിനിലെ ഫാസിസ്ററ് നേതാവു് ഫ്രാങ്കോയോടു്

നടത്തിയ അഭ്യർത്ഥനകൾ മുതൽ ഏററവും അടുത്തകാലത്തു് പാക്കിസ്ഥാൻ പ്രധാനമന്ത്രി ഭൂട്ടോയെ തൂക്കുമരത്തിൽനിന്നു് രക്ഷിക്കാനായി ശ്രീമതി ഇന്ദിരാഗാന്ധി നടത്തിയ അഭ്യർത്ഥനവരെയുള്ള ഒട്ടേറെ ഉദാഹരണങ്ങൾ നിരത്താൻ കഴിയും. നമ്മുടെ നാട്ടിൽത്തന്നെ സ്വയം കേസു വാദിക്കാനോ ദയാഹർജി സമർപ്പിക്കാനോ വിസമ്മതിച്ച സി പി ഐ (എം എൽ) ഗറില്ലാനേതാവു് നാഗഭൂഷൺ പട്നായിക്കിനെ തൂക്കുമരത്തിൽനിന്നു് രക്ഷിച്ചതു് അദ്ദേഹം നടത്തിയ കൊല രാഷ്ട്രീയ അക്രമം ആണെന്ന വസ്തുതയാണു്. പ്രമുഖ നോവലിസ്ററു് ദോസ്തേയേവ്സ്കിയെ അദ്ദേഹം തൂക്കുമരത്തിലേയ്ക്കു് ആനയിക്കപ്പെടുന്നതിനു് ഏതാനും മിനിററുകൾക്കു്മുമ്പു് ഒരു കൽപ്പന പുറപ്പെടുവിച്ചുകൊണ്ടു് റഷ്യൻ സാർ രക്ഷിച്ച കാര്യവും ചരിത്രത്തിലെ സുപ്രസിദ്ധമായ ഒരു സംഭവമാണു്. ഇക്കാര്യത്തിലും അത്തരം മാനുഷികവും അനുഭാവപൂർവ്വവുമായ ഒരു സമീപനം താങ്കളും സ്വീകരിക്കുമെന്നു് ഞങ്ങൾ പ്രതീക്ഷിക്കുകയാണു്.

വധശിക്ഷയോടുള്ള ആംനെസ്ററി ഇൻറർനാഷണലിൻെറ എതിർപ്പ് നിരുപാധികമാണ്; കാരണം, ജീവിക്കാനുള്ള മൗലികമായ മനുഷ്യാവകാശത്തെ അത് ലംഘിക്കുന്നു; മർദ്ദനത്തിനോ, മറേറതെങ്കിലും തരത്തിലുള്ള ക്രൂരവും മനുഷ്യത്വ ഹീനമോ അപമാനകരമോ ആയ പെരുമാററത്തിനോ ശിക്ഷയ്ക്കോ വിധേയമാകാതിരിക്കുവാനുള്ള അവകാശത്തേയും അതു് ലംഘിക്കുന്നു; ഇന്ത്യകൂടി കക്ഷിയായിട്ടുള്ള ഐക്യരാഷ്ട്രസഭാ ചട്ടമായ പൗരരാഷ്ട്രീയാവകാശങ്ങളെ സംബന്ധിച്ച ഐക്യരാഷ്ട്രചട്ടത്തിൻെറ 6-ഉം 14-ഉം വകുപ്പുകളിൽ ഉയർത്തിപ്പിടിച്ചിട്ടുള്ള അവകാശങ്ങളാണിവ.

ആംനെസ്ററി ഇൻറർനാഷണൽ, അതിൻെറ 1988 ആഗസ്ററിലെ റിപ്പോർട്ടിൽ, ഇന്ത്യാഗവൺമെൻറിനോട് ചിലതിരുത്തൽ നടപടികൾ ശുപാർശചെയ്യുന്നതോടൊപ്പം ഇതുംകൂടി ആവ്യപ്പെട്ടിട്ടുണ്ട്, ''വധശിക്ഷ അന്തിമമായി നിർത്തലാക്കുക എന്ന ഐക്യരാഷ്ട്രസഭാ ലക്ഷ്യം നേടാനുള്ള ചുവടുവെയ്പ്പെന്നനിലയ്ക്ക് വധശിക്ഷ പൂർണ്ണമായി നിർത്തലാക്കാൻ അടിയന്തിര നടപടികളെടുക്കുക''. പൂർണ്ണമായ നിർത്തലാക്കലിൻെറ കാര്യം മാററിവെപ്പിലും, ''ഇപ്പോൾ നിലവിലുള്ള വധശിക്ഷകൾ വെട്ടിക്കുറയ്ക്കുന്നത് ഉറപ്പുവരുത്തണമെന്നു്'' ആംനെസ്ററി ഇൻറർനാഷണൽ ഇന്ത്യാഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ടു്.

തെളിയിക്കാനാവുന്ന വിലപ്പെട്ട വസ്തുതകളുടെ പിന്തുണയോടെ, ഒട്ടേറെ നിയമജ്ഞൻമാരും അഭിഭാഷകരും, നിയമവിദഗ്ദ്ധരും, സത്വന്ത്സിങ്ങിൻേറയും കേഹാർസിങ്ങിൻേറയും

കേസുകളിലെ നിയമപ്രക്രിയയെ കേന്ദ്രഗവൺമെൻറ് മാന്യമല്ലാത്ത ധൃതി കാണിച്ചുകൊണ്ട് സ്വാധീനിക്കുകയും സമ്മർദ്ദം പ്രയോഗിക്കുകയും ചെയ്തിട്ടുണ്ടെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇതെല്ലാം ചെയ്യുന്നതിൽ വിജയിച്ചശേഷം, പല ആധികാരിക പത്രറിപ്പോർട്ടുകൾ തുറന്നു് പ്രസ്താവിക്കുന്നത്, പ്രധാനമന്ത്രിയും അദ്ദേഹത്തിൻെറ മന്ത്രിസഭയും, ഉയർന്ന നീതിയ്ക്കു വേണ്ടിയുള്ള ദയാഹർജികൾ ചെവിക്കൊള്ളാതിരിക്കാൻവേണ്ടി താങ്കളുടെ മേൽ സമ്മർദ്ദം ചെലുത്തുന്നുണ്ടെന്നാണ്. അങ്ങിനെ പ്രധാനമന്ത്രിയും അദ്ദേഹത്തിൻെറ മന്ത്രിസഭയും, വധശിക്ഷ ലഘൂകരിക്കാനും റദ്ദാക്കുന്നതിനും മററുമുള്ള താങ്കളുടെ ഭരണഘടനാപരമായ അവകാശത്തിനു് ഗുരുതരമായ മുറിവേല്പിക്കാനുള്ള അവരുടെ നീചമായ ഉദ്ദേശം മറച്ചുവെച്ചിട്ടില്ല. ഇന്ത്യയുടെ പ്രസിഡണ്ട് എന്ന താങ്കളുടെ ഉന്നത പദവിയുടെ അന്തസ്സും സ്വാതന്ത്ര്യവും വിവേചനാധികാരവും താങ്കൾ ഉയർത്തിപ്പിടിക്കുമെന്നും ഇക്കാര്യത്തിൽ ഞങ്ങളിൽ നിന്നും മററ് വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും ഉള്ള അഭ്യർത്ഥനകൾ ന്യായപൂർവ്വവും അനുഭാവത്തോടെയും പരിഗണിക്കുമെന്നും ഞങ്ങൾ ആത്മാർത്ഥമായി പ്രതീക്ഷിക്കുന്നു, ഇന്ത്യൻ ഭരണഘടന താങ്കൾക്കു നൽകിയിട്ടുള്ള പാവനവും നിയമാതീതവുമായ അവകാശം അനുഭാവ പൂർവ്വവും മനുഷ്യത്വപരമായും ഉപയോഗിച്ചുകൊണ്ടു് സത്വന്ത്സിങ്ങിൻേറയും കേഹാർസിങ്ങിൻേറയും വധശിക്ഷകൾ വെട്ടിക്കുറക്കുന്നതിൽ താങ്കളുടെ ചുവടുവെയ്പ്പുകൾ പാളിപ്പോകാൻ അനുവദിക്കുകയില്ലെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു.

സിക്കുകാർക്കെതിരെ ഇന്നത്തെ ഇന്ത്യാഗവൺമെൻറ് നടത്തുന്ന ബുദ്ധിശൂന്യവും വൈരാഗ്യ പരവുമായ സമീപനത്തെ കുറിച്ചു് താങ്കൾ അജ്ഞനായിരിക്കാൻ വഴിയില്ല. ദിവസംതോറും ധാരാളം സിക്കുകാർ ഏററുമുട്ടൽ കൊലപാതകങ്ങളുടെ മറവിൽ കൊല്ലപ്പെടുന്നു. കഴിഞ്ഞ എട്ടുവർഷങ്ങൾക്കുള്ളിൽ ഏതാണ്ടു് 50,000 സിക്കുകാർ കൊല്ലപ്പെട്ടിട്ടുണ്ട്. ഇന്ത്യാഗവൺമെൻറിൻെറ പ്രചരണയന്ത്രം സാധാരണ ജനങ്ങളെ വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നത് സിക്കുകാരാണു് ആക്രമികളെന്നും പഞ്ചാബിലെ ഹിന്ദുക്കൾ ആക്രമിക്കപ്പെടുന്നവരാണെന്നുമാണ്. ശുദ്ധ സ്വാർത്ഥ താല്പര്യങ്ങൾക്കു വേണ്ടി രാജ്യത്തെ വർഗ്ഗീയമായി വിഭജി

ക്കാനും ധ്രുവീകരിപ്പിക്കാനും വേണ്ടി ഭരണപാർട്ടി നടത്തുന്ന രാഷ്ട്രീയ കരുനീക്കമാണിത്. സത്വന്ത്സിങ്ങിനേയും, കേഹാർസിങ്ങിനേയും പോലുള്ളവരെ തൂക്കുമരത്തിലേററാനും ആയിരക്കണക്കിന് സിക്കുകാരുടെ കൊലപാതകികൾക്കും ഗൂഢാലോചനക്കാർക്കും മന്ത്രി പദവിനൽകാനുമുള്ള ഇന്ത്യാഗവൺമെൻറിന്റെ അടവുകൾ സിക്കുസമുദായം ഒന്നടങ്കം നിരീക്ഷിച്ച് കൊണ്ടിരിക്കുകയാണു്. ഗവൺമെൻറുകൾ ബുദ്ധിശൂന്യമായി തീരുമ്പോൾ രാജ്യങ്ങൾ ചിന്നിച്ചിതറാനുള്ള പ്രവണത കാണിക്കുന്നു. ഈ ഹീനമായ പ്രക്രിയയ്ക്ക് അറുതിവരുത്താനായി താങ്കളുടെ ഇടപെടൽ ആവശ്യമായി വന്നിട്ടുള്ള കൃത്യമായ നിമിഷമാണിത്.

പ്രധാനമന്ത്രിയും അദ്ദേഹത്തിന്റെ മന്ത്രിസഭയും പ്രയോഗിച്ചുകൊണ്ടിരിക്കുന്ന സമ്മർദ്ദത്തിനും പ്രേരണയ്ക്കും വഴങ്ങി ഇത്തരം വിധികൾ ലഘൂകരിക്കാനുള്ള പ്രസിഡണ്ടിന്റെ വിവേചനാധികാരം താങ്കൾ പണയം വെക്കുകയാണെങ്കിൽ പിൽക്കാല ചരിത്രം, ലിയോടോൾസ്റേറായിയോടൊപ്പം ഇങ്ങിനെ വിശ്വസിക്കാൻ നിർബന്ധിതമാകും, ''നിയമങ്ങൾ സ്വാർത്ഥതയുടേയും വഞ്ചനയുടേയും കക്ഷിതാൽപര്യങ്ങളുടേയും ഉൽപ്പന്നമാണു്. യഥാർത്ഥ നീതി അവയിലില്ല; ഉണ്ടാകാൻ സാധ്യവുമല്ല.''

ഭരണഘടന ഈ നിയമമാക്കിയ അധികാരങ്ങൾ താങ്കൾക്കു നൽകിയിട്ടുള്ളതു് അധികാരവും നീതിയും തമ്മിൽ സന്തുലനം നിലനിർത്താൻവേണ്ടിയാണു്. പാസ്ക്കൽ ശരിയായി പ്രസ്താവിക്കുകയുണ്ടായി, ''നീതിയില്ലാത്ത അധികാരം അതിവേഗം ചോദ്യം ചെയ്യപ്പെടുന്നു.'' പലതരം അന്യായങ്ങൾക്കും അടിച്ചമർത്തലിനും വിധേയമാക്കപ്പെട്ടുകൊണ്ടിരിക്കുന്നവരാണു് സിക്കുകാർ. സത്വന്ത്സിങ്ങിന്റേയും കേഹാർസിങ്ങിന്റേയും വധശിക്ഷ വെട്ടിക്കുറക്കാനുള്ള താങ്കളുടെ ബുദ്ധിപൂർവ്വകവും പ്രബുദ്ധവുമായ നടപടി അവക്കു് സാന്ത്വനമേകുമെന്നു മാത്രമല്ല. ഗവൺമെൻറിനെ അതിന്റെ മർദ്ദനനയങ്ങളും നിരപരാധികളെ ദീർഘകാലം തടവിൽ വെക്കുന്ന നടപടികളും കപട ഏററുമുട്ടലുകളിൽ സംശയിക്കപ്പെടുന്നവരെ കൊല്ലുന്ന രീതിയുമെല്ലാം മാററാൻ പ്രേരണ ചെലുത്തുകയും ചെയ്തേക്കാം.

ഈ വസ്തുതകളുടെ പശ്ചാത്തലത്തിലാണു്, ഈ കേസുകളുടെ നേരെ രാഷ്ട്രീയമായി ശരിയും അനുഭാവപൂർവ്വവു

മായ സമീപനം എടുക്കാനും അവരുടെ വധശിക്ഷ വെട്ടിക്കുറയ്ക്കാനും മാത്രമല്ല അവരെ ഉടനടി വിട്ടയക്കാനും ബഹുമാനപൂർവ്വം ഞങ്ങൾ താങ്കളോടു് അഭ്യർത്ഥിക്കുന്നു.

നന്ദിപൂർവ്വം

വിശ്വസ്തതയോടെ താങ്കളുടെ
ജസ്റ്റീസ് എ. എസ്. ബെയിൻസ്
ചെയർമാൻ
ഡി. എസ്. ഗിൽ അഡ്വക്കേററ്
ജനറൽ സെക്രട്ടറി
ഗുർബജൻസിങ്ങ് ഗിൽ
സെക്രട്ടറി (ഏകോപനം)

മൊഹീന്ദർസിങ്ങ് ജവാണ്ട
വൈസ് പ്രസിഡണ്ട്
ഡോ: ജീവൻജോത് കൗർ
വൈസ് പ്രസിഡണ്ട്

പഞ്ചാബ് മനുഷ്യാവകാശ സംഘടന

Punjab Human Right Organisation

Head office: 27-D. Sarabha nagar, Ludhiana (India)



● ഇന്ദിരാവധക്കേസിലൂടെ വർഗ്ഗീയ മുതലെടുപ്പ് നടത്തുന്ന ഭരണവർഗ്ഗ ഗൂഢാലോചനയെ തിരിച്ചറിയുക.

● കോടതി സംവിധാനത്തിന്റെ മറവിൽ നടത്തുന്ന ഈ രാഷ്ട്രീയക്കൊലയെ അപലപിക്കുക.

● ഇന്ദിരാ വധക്കേസിൽ സുപ്രിം കോടതിയും പ്രസിഡണ്ടും രാജീവ് ക്ളിക്കിന്റെ വെറും റബർ സ്റ്റാമ്പുകൾ!

സംഭാവന ഒരു രൂപ